**File No.FWLD-D3/121/2019-FWLD**

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4144 — 24.06.2019 ൽ മറുപടിയ്ക്ക്

ശബരി കുപ്പിവെള്ള പദ്ധതിക്കായി നൽകിയ സ്ഥലം

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) പത്തനാപുരം പുന്നലയിൽ ശബരി കുപ്പിവെള്ള പദ്ധതിക്കായി വനം വകുപ്പ് എത്ര സ്ഥലമാണ് വനം വികസന കോർപ്പറേഷന് പാട്ടത്തിന് നൽകിയതെന്ന് അറിയിക്കാമോ; | (എ) ശബരിജലം കുപ്പിവെള്ള പദ്ധതിക്കായി ഭൂമിയൊന്നും വനം വകുപ്പ് കേരള വനവികസന കോർപ്പറേഷന് പാട്ടത്തിന് നൽകിയിട്ടില്ല. എന്നാൽ നേരത്തെ ടി സ്ഥാപനത്തിന് പ്ലാന്റേഷൻ ആവശ്യത്തിനായി നൽകിയ പാട്ടഭൂമിയിൽപെട്ടതും, 2004-05 ഫെയിൽഡ് ക്ലോണൽ യൂക്കാലിപ്റ്റസ് പ്ലാന്റേഷനിലെ മരങ്ങൾ ഇല്ലാത്ത 0.20 ഹെക്ടർ ഭൂമിയിലാണ് ടി പദ്ധതി സ്ഥിതിചെയ്യുന്നത്. |
| (ബി) വനം വികസന കോർപ്പറേഷൻ പ്രസ്തുത പദ്ധതിക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ; | (ബി) പ്രസ്തുത പദ്ധതിക്കായി വനം വികസന കോർപ്പറേഷൻ 2013-14 & 2014-15 സാമ്പത്തിക വർഷങ്ങളിലായി 57,53,898/- രൂപ ചെലവഴിച്ചിട്ടുണ്ട് |
| (സി) പദ്ധതി ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റിന്റെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ നിർദ്ദേശം എന്താണെന്ന് വ്യക്തമാക്കാമോ? | (സി) ടി പദ്ധതി വനം വികസന കോർപ്പറേഷന്റെ പാട്ടഭൂമിയായ റിസർവ്വ് ~~റിസേർവ്~~ വനത്തിനുള്ളിലായതിനാലും, വനേതര പ്രവർത്തനമായതിനാലും ആയത് നിർത്തിവെക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ